**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2427** **12-12-2022 - ൽ മറുപടിയ്ക്ക്**

**സുഭിക്ഷ ഹോട്ടലുകൾക്ക് സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ .ഡി .പ്രസേനൻ** | | **ശ്രീ ജി ആർ അനിൽ (ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സുഭിക്ഷ ഹോട്ടലുകൾ തുടങ്ങുന്ന സമയത്ത് സപ്ലൈകോയിൽ നിന്ന് സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ കിട്ടുമെന്ന് അറിയിച്ചത് നാളിതുവരെ ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സുഭിക്ഷ പദ്ധതി നടത്തിപ്പിനായി സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങളും മറ്റു പലചരക്കു സാധനങ്ങളും ആവശ്യമെങ്കിൽ നൽകുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു എന്നാൽ സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങളും മറ്റും നൽകുമ്പോൾ സപ്ലൈകോയ്ക്ക് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത തീരുമാനം പുന:ക്രമീകരിച്ച് ടൈഡ് ഓവർ വിഹിതത്തിലെ അരിയുടെ ലഭ്യതക്കനുസരിച്ച് ടൈഡ് ഓവർ നിരക്കിൽ പ്രതിമാസം പരമാവധി 600 കിലോ ഗ്രാം അരി (നിലവിൽ കിലോ ഗ്രാമിന് 10.90/- രൂപയ്ക്ക്) ആവശ്യപ്പെടുന്ന സുഭിക്ഷ ഹോട്ടലുകൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. |
| (ബി) | എങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ; | (ബി) | സുഭിക്ഷ പദ്ധതി നടത്തിപ്പിനായി സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങളും മറ്റു പലചരക്കു സാധനങ്ങളും ആവശ്യമെങ്കിൽ നൽകുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു എന്നാൽ സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങളും മറ്റും നൽകുമ്പോൾ സപ്ലൈകോയ്ക്ക് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുമെന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത തീരുമാനം പുന:ക്രമീകരിച്ച് ടൈഡ് ഓവർ വിഹിതത്തിലെ അരിയുടെ ലഭ്യതക്കനുസരിച്ച് ടൈഡ് ഓവർ നിരക്കിൽ പ്രതിമാസം പരമാവധി 600 കിലോ ഗ്രാം അരി (നിലവിൽ കിലോ ഗ്രാമിന് 10.90/- രൂപയ്ക്ക്) ആവശ്യപ്പെടുന്ന സുഭിക്ഷ ഹോട്ടലുകൾക്ക് ലഭ്യമാക്കിവരുന്നുണ്ട്. |
| (സി) | ഒരു ഊണിന് അഞ്ച് രൂപ എന്ന നിരക്കിൽ ലഭിക്കുന്ന കമ്മീഷൻ കൊണ്ട് കുടുംബശ്രീ യൂണിറ്റുകൾക്ക് ഹോട്ടൽ നടത്തിക്കൊണ്ട് പോകുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ആയത് പരിഹരിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ വിവിധ തലങ്ങളിൽ പരിശോധിച്ചു വരുന്നു |

| | | | |
|---|---|---|---|
| | പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ